(ബി) 1960–61–ൽ നാലു ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറുകളും, 27 മോഡൽ വെൽഫെയർ സെൻറുകളും ആരംഭിച്ചിട്ടുണ്ട്. 1961-62, 1962-63 എന്നീ വർഷങ്ങളിൽ പുതിയ സെൻറുകൾ ഒന്നുംതന്നെ തുടങ്ങിയിട്ടില്ല.

(സി) ഏതാനും ചില മോഡൽ വെൽഫെയർ ട്രെയിനിംഗ് സെൻറുകളെ പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെൻറുകളായി മാറ്റുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

ശ്രീ. ഒ. കോരൻ: ഈ സെൻറുകളിൽ പരിശീലനം സിദ്ധിച്ച ഹരിജൻ വിദ്യാർത്ഥികൾക്ക് കൈവേലയിൽ കൂടുതൽ താല്പര്യമുള്ള ചില വിദ്യാർത്ഥികളെ, ഈ ഇൻസ്റ്റിറ്റ്യൂഷൻസിൽനിന്നും തെരഞ്ഞെടുത്ത് അവർക്ക് കൂടുതൽ പരിശീലനം നൽകാൻ ഒരു Central Institution സ്ഥാപിക്കണമെന്ന് ഇവാല്യുവേഷൻ കമ്മിറ്റി ശുപാർശ ചെയ്തിരുന്നത് നടപ്പിൽ വരുത്താൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ ഒരു സെൻട്രൽ ഇൻസ്റ്റിറ്റ്യൂഷൻറെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. രണ്ടുകൊല്ലത്തെ പരിശീലനമാണ് അവർക്ക് ഇപ്പോൾ കൊടുക്കുന്നത്. ആ രണ്ടുകൊല്ലംകൊണ്ട് അതു ഉപയോഗപ്പെടുത്താൻ സാധിക്കും.

ധാതു ഖനനം സംബന്ധിച്ച പരിപാടികൾ

* 579. [21] † ശ്രീ. പി. ബാലചന്ദ്രമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിഗ്നൈറ്റ്, ഗന്ധകം, ഈയം, ഇരുമ്പയിരുകൾ, ചണ്ണാമ്പുകല്ല് മുതലായവ കേരളത്തിൽ ധാരാളമായിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ ഖനനം സംബന്ധിച്ച് എന്തെങ്കിലും പരിപാടികൾ ഉണ്ടോ;

(സി) ഇല്ലെങ്കിൽ അവയെക്കുറിച്ച് സർവ്വേ നടത്തുവാൻ വേണ്ടതായ നടപടികൾ സ്വീകരിക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ): (എ) ഗന്ധകം ഉള്ളതായി അറിവില്ല. ലിഗ്നൈറ്റ്, ഈയം, ഇരുമ്പ് അയിരുകൾ, ചണ്ണാമ്പുകല്ല് മുതലായവ കേരളത്തിൽ ഉണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) മൂന്നാംപഞ്ചവത്സരപദ്ധതിയിൽ ഇരുമ്പ് അയിരുകൾ, ഈയം ചണ്ണാമ്പുകല്ല് ഇവയുടെ ഖനനം സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: കോഴിക്കോട് ജില്ലയിൽ നൻമണ്ട എന്ന സ്ഥലത്തു നല്ല ഇരുമ്പുണ്ട് എന്ന ശ്രദ്ധയിൽപെടുകയും അതിനെ കമ്മേഴ്സ്യൽ ബേസിസിൽ ഖനനം നടത്താൻ സാദ്ധ്യതയുണ്ടോ എന്ന അന്വേഷണം നടത്തിയതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. അതു എത്രത്തോളം സാദ്ധ്യമാകും എന്നുള്ളതിനെപ്പറ്റി ഒരു ഇൻറൻസീവ് സർവ്വേ നടത്താൻ പോകുന്നു എന്നും പത്രത്തിൽ കാണുകയുണ്ടായി. അതുസംബന്ധിച്ചുള്ള സർവ്വേ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻറെ ഫലം എന്തെങ്കിലും പറയാമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇൻറൻസീവ് സർവ്വേ നടത്തിക്കഴിഞ്ഞിട്ടില്ല. പക്ഷെ, അവിടെയുള്ള ഇരുമ്പിനെപ്പറ്റി അന്വേഷിച്ചപ്പോൾ നല്ല രീതിയിലാണെന്നുള്ള മെമ്പറുടെ അഭിപ്രായം ശരിയാണ്. പക്ഷെ, അതു കമ്മേഴ്സ്യൽ സ്റ്റേയിലിൽ പരിശോധിക്കാൻ സാദ്ധ്യമാകുമോ എന്നു സംശയിക്കുകയാണ്.

† Put by Shri C. K. Balakrishnan.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഹസ്സൻഗനി: ചവറ മുതലായ സ്ഥലങ്ങളിൽനിന്നും ശേഖരിക്കുന്ന ഇൽമിനൈറ്റിൽ 35 ശതമാനം ഇരുമ്പ് ഉണ്ടെന്നു കാണപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്രഗവണ്മെൻറിന്റെ ആൾക്കാർ ഇവിടെ ഘനവ്യവസായത്തിനു് സാദ്ധ്യതയില്ലെന്നു പറഞ്ഞുപോകുകയാണു്. അതുകൊണ്ടു് വിദഗ്ദ്ധന്മാരെക്കൊണ്ടു് അന്വേഷണം നടത്തി അതിൽനിന്നും ഇരുമ്പു് ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നുള്ള കാര്യം ഇൻഡ്യാഗവണ്മെൻറിനെ അറിയിച്ചു് അതു അഭിവൃദ്ധിയിൽ വരുത്തുന്നതിനുവേണ്ട നടപടി എടുക്കുമോ?

ശ്രീ കെ. എ. ദാമോദരമേനോൻ: വേണ്ട നടപടികളും എടുത്തുവരുന്നുണ്ടു്. അതു സംബന്ധിച്ചു സർവ്വേ നടത്തിട്ടുണ്ടു്. ഇൽമിനൈറ്റിൽനിന്നും ഇരുമ്പു് വേർതിരിച്ചു് എടുക്കുന്നതു് ഒരു വ്യവസായം എന്ന നിലയ്ക്കു നടത്താൻ സാദ്ധ്യതയുണ്ടോ എന്നുള്ളതാണു് പ്രധാന പ്രശ്നം. ഇരുമ്പു് എടുക്കുക എന്നുള്ളതുമാത്രം ഒരു വ്യവസായമായിട്ടു തുടങ്ങിയാൽ അതു നഷ്ടത്തിൽപെടുമെന്നാണു് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. ഇൽമിനൈറ്റിൽനിന്നും ടൈറേനിയം ഡയാക്സയിഡ് ഉണ്ടാക്കാൻകഴിയുമെന്നും അതിന്റെ ബൈപ്രാഡക്ട് എന്നുള്ള നിലയിൽ ഇതെടുക്കാൻ സാദ്ധ്യതയുണ്ടോ എന്നു അന്വേഷണം നടത്തണംഎന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതനുസരിച്ചു് കനേഡിയൻ വിദഗ്ദ്ധന്മാർ ഇവിടെ വന്നിരുന്നു. അവരെ ഏൽപ്പിച്ചിരിക്കുകയാണു്. അവരുടെ റിപ്പോർട്ടു് ഉടനെതന്നെ ലഭിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ: കേരളത്തിൽ ഏതേതു ധാതുക്കളെ സംബന്ധിച്ചു ഖനനം നടത്തുന്നതിനു് ഇവിടത്തെ ശുപാർശയനുസരിച്ചു് കേന്ദ്രഗവണ്മെൻറു വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്. വേണ്ടിടത്തോളം കേന്ദ്രഗവണ്മെൻറിന്റെ ശ്രദ്ധ ഈ കാര്യത്തിൽ പതിഞ്ഞിട്ടില്ലെങ്കിൽ, ആ കാര്യം സീരിയസായിട്ടു കരുതി എന്തെങ്കിലും നടപടി എടുക്കാൻ, ഏതേതു് അയിറങ്ങളും, ഇന്നയിന്ന താലൂക്കുകളിൽ ഖനനംചെയ്യാൻ അടിയന്തിരനടപടി എടുക്കണമെന്നു് ഇൻഡ്യാഗവണ്മെൻറിനോടു് ശുപാർശചെയ്യാൻ ഈ ഗവണ്മെൻറു് തയ്യാറുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഈ ഗവണ്മെൻറിന്റെ നിവേദനം അനുസരിച്ചു് ഇൻഡ്യാഗവണ്മെൻറിന്റെ പ്രത്യേക വിദഗ്ദ്ധസംഘം ഇവിടെ വന്നു് അങ്ങനെയുള്ള ധാതുദ്രവ്യങ്ങളും എവിടെയെല്ലാം എത്രത്തോളമുണ്ടു്, ഏതെല്ലാം ഖനനംചെയ്യാൻ സാദ്ധ്യതയുണ്ടു് എന്നുള്ളതിനു് സർവ്വേ നടത്തിവരുന്നുണ്ടു്. അതിൽ പ്രധാനമായിട്ടുള്ളതു് ഈയമാണു്. തെക്കൻതിരുവിതാംകൂറിൽ മൺപു് ഇഴയം ഖനനംചെയ്തു് എടുത്തിരുന്നു. അതിനെസംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറിന്റെ ഒരു ടീം ഇവിടെ കുറേക്കാലമായി അന്വേഷണം നടത്തി, അവരുടെ റിപ്പോർട്ടു് ഇതുവരെ ലഭിച്ചിട്ടില്ല. ചില സ്ഥലങ്ങളിൽ ഈയം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. പക്ഷേ, അതു കമ്മേഷ്യൽ സ്സെയിലിൽ ഖനനം നടത്താനുള്ള സാദ്ധ്യതയുണ്ടോ, നിക്ഷേപം എത്രമാത്രമുണ്ടു് എന്നുള്ള കാര്യം പഠനംനടത്തിക്കൊണ്ടിരിക്കുകയാണു്. അതുപോലെതന്നെ ചുണ്ണാമ്പുകല്ലിന്റെ കാര്യം. സിമൻറുണ്ടാക്കാൻ ലൈംസ്റ്റോൺ ഉപകരിക്കുമെന്നുള്ളതുകൊണ്ടു് ഇവിടത്തെ ജിയാളജിക്കൽ ഡിപ്പാർട്ടുമെൻറു് സർവ്വേ നടത്തിയതിൽ ഏതാണ്ടു് 5 ലക്ഷം ടൺ ലൈംസ്റ്റോൺ കിട്ടാൻ സാദ്ധ്യതയുണ്ടെന്നു കണ്ടുപിടിച്ചിട്ടുണ്ടു്. കുറേക്കൂടി വിപുലമായ തോതിൽ പരിശോധന നടത്തിനോക്കി, എത്രത്തോളം ലൈംസ്റ്റോൺ നമുക്കു കിട്ടാൻ സാധിക്കുമെന്നു ഇൻഡ്യാഗവണ്മെൻറിന്റെ വിദഗ്ദ്ധന്മാരെക്കൊണ്ടു പരിശോധിപ്പിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ടു്. അവർ പരിശോധന നടത്താമെന്നു് ഏറ്റിട്ടുണ്ടു്. അങ്ങനെയുള്ള വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി കഴിയുമെങ്കിൽ പാലക്കാട്ടുഡിസ്ട്രിക്ടിൽ ഒരു സിമൻറു ഫാക്ടറി തുടങ്ങണമെന്നാണു് ഗവണ്മെൻറിന്റെ ഉദ്ദേശം. പക്ഷേ എത്രത്തോളം നിക്ഷേപം ഉണ്ടെന്നു വിവരം കിട്ടുന്നതിനു മുൻപു് മറ്റു നടപടികളും എടുക്കാൻ സാദ്ധ്യമല്ല. ബഹുമാനപ്പെട്ട മെമ്പർമാക്കറിയാം, ഇവിടെ നല്ല ചൈനാക്ലേ കിട്ടാൻ സാദ്ധ്യതയുണ്ടെന്നു്. തിരുവനന്തപുരം ഡിസ്ട്രിക്ടിൽതന്നെ വിദേശസാമ്പത്തികസഹായത്തോടുകൂടി ഒരു മെക്കനൈസ്ഡു്

മൈനിംഗ് കമ്പനി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. നല്ല, ഗ്രണംകുടിയ ചൈനാക്ലേ ആണെങ്കിൽ വിദേശങ്ങളിലേയ്ക്ക് അയയ്ക്കാനും സാദ്ധ്യതയുണ്ടാവും.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ചോദ്യം ചോദിക്കുമ്പോഴും പോയിന്റ് മാത്രം സൂചിപ്പിക്കുന്ന തരത്തിൽ ചോദിക്കണമെന്ന മെമ്പറന്മാരെ നിർബന്ധിക്കാറുണ്ട്. ഉത്തരം പറയുമ്പോഴും മന്ത്രിമാരും ആ തത്വം പാലിക്കേണ്ടതല്ലേ?

ശ്രീ. കെ. എ. ദാമോദരമേനോൻ: സപ്ലിമെന്ററി ചോദ്യങ്ങളും ചോദിക്കുമ്പോഴും ഒരു ചോദ്യം എന്നുള്ള നിലയിൽ, ഒരു പ്രസംഗംതന്നെ നടത്തുന്നുണ്ട് ചിലർ. അതിനു മറുപടി പറയുമ്പോഴും ഈ തത്വം ദീക്ഷിക്കാൻ സാധിച്ചെന്നുവരില്ല. ഒരേ സമയത്തു് അഞ്ചോ ആറോ കാര്യങ്ങളും ചോദിച്ചാൽ ഒറ്റ പോയിന്ററിൽ മറുപടി പറയാൻ പ്രയാസമാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: കോഴിക്കോട്ടു ജില്ലയിൽ ചില സ്ഥലങ്ങളിൽ, ഇൻഡ്യാ ഗവണ്മെൻറിന്റെ പ്രത്യേക ടീം സർവ്വേ നടത്തിയതിൽ സ്വർണ്ണവും, ഇരുമ്പും ഉള്ളതായി കണ്ടിട്ടുണ്ടു്. ആ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ആ ടീം കോഴിക്കോട്ടു വക്കുചെയ്തതിൽനിന്നു് വല്ല വിവരവും ശേഖരിക്കാൻ ഗവണ്മെൻറു നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഉണ്ടു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, എന്നെ സംബന്ധിച്ചിടത്തോളം ഈ ഉത്തരം കിട്ടിയാൽ പോരാ, ദയവായി വിശദവിവരം നൽകിയാൽ കൊള്ളാം.

മി. സ്പീക്കർ: വിശദവിവരങ്ങൾക്കു് സ്റ്റേറ്റുമെൻറു് ആവശ്യപ്പെട്ടാൽ മതി.

ശ്രീ. സി. അച്യുതമേനോൻ: ധാതുദ്രവ്യങ്ങളുടെ കൂട്ടത്തിൽ, എണ്ണ നിക്ഷേപം ഉള്ളതായി അന്വേഷണത്തിൽ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: എണ്ണ നിക്ഷേപം ഉണ്ടോ എന്ന ഗവേഷണവും നടത്തുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: എവിടെയാണു് എണ്ണനിക്ഷേപം ഉള്ളതു്. കടലോരപ്രദേശത്തു് സമുദ്രത്തിനടിയിൽ ചില സ്ഥലത്തു് എണ്ണ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നു അഭിപ്രായം കേൾക്കാൻ ഇടയായിട്ടുണ്ടു്. അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതിനെപ്പറ്റിയാണു് അന്വേഷണം നടത്തിയിട്ടുള്ളതു്. എണ്ണ നിക്ഷേപം ഉള്ളതു് കടലിൽ സ്യൽ സ്റ്റീമിൽ ഖനനം ചെയ്യാൻ സാദ്ധ്യതയുണ്ടോ എന്നു പരിശോധിക്കാനുള്ള ഏർപ്പാടുകളും ചെയ്തുവരികയാണു്.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: കോഴിക്കോട് ജില്ലയിൽ നിലമ്പൂർ പ്രദേശത്തുള്ള പുഴയിലെ മണ്ണു് എടുത്തു് അരിച്ചു് സ്വർണ്ണം എടുത്തു ജീവിക്കുന്നവരുണ്ടു്. അവിടെ സ്വർണ്ണം ഖനനം ചെയ്യാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ആ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. ഖനനം ചെയ്യാനുള്ള സാദ്ധ്യതയുണ്ടോ എന്നു പരീക്ഷണം നടന്നുവരികയാണു്.

സ്പെഷ്യലായി ഓടിയ ട്രാൻസ്പോർട്ട് ബസ്സുകൾ

* 580 [22] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ശബരിമല തീർത്ഥാടകരുടെ ആവശ്യാർത്ഥം എത്ര സ്റ്റേറ്റു ട്രാൻസ്പോർട്ട് ബസ്സുകൾ സ്പെഷ്യലായി ഓടുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly